15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3133 07-10-2025 - ൽ മറുപടിയ്ക്ക്

## ജലസംഭരണി നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ ഉപരിതല ജല സംഭരണികൾ നിർമ്മിക്കുന്നതിനായി പദ്ധതിയുള്ള ഡീസന്റ് മുക്ക്, പറകുന്ന് എന്നീ സ്ഥലങ്ങളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വർക്കല ജലജീവൻ മിഷനിലുൾപ്പെടുത്തി പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാവായിക്കുളം പഞ്ചായത്തിലെ ഡീസന്റ് മുക്കിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തേക്കുള്ള വഴിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം ഉണ്ടായതിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കാനാകാതെ വരികയും വർക്ക് ഷോർട്ട് ക്ലോസ് ചെയ്യേണ്ടതായും വന്നു. പിന്നീട് വഴിയുമായി ബന്ധപ്പെട്ട താൽക്കാലിക നിരോധനം മാറുകയും ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്തേക്ക് വഴി ഉണ്ടാക്കുകയും ചെയ്തു. പുതിയ കരാർ വിളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ജലജീവൻ മിഷന്റെ കാലാവധി 2028 വരെ കേന്ദ്രസർക്കാർ ദീർഘിപ്പിച്ചെങ്കിലും 2024 ഓഗസ്റ്റ് മാസം 16 മുതൽ പുതിയ പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് വിലക്കുണ്ട്. ഇതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാവായിക്കുളം പഞ്ചായത്തിലെ തന്നെ പറക്കുന്നിൽ 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തുള്ള പാറ പൊട്ടിച്ച് നീക്കേണ്ടതായിട്ടുണ്ടായിരുന്നു. പാറകൾ പൊട്ടിച്ച ശേഷം അത് നീക്കം ചെയ്യുന്നതിനായി നിലവിൽ ലേല നടപടികൾ പൂർത്തിയായി വരികയാണ്. പാറകൾ നീക്കം ചെയ്യുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഡീസന്റ് മുക്കിലെ ജലസംഭരണിയുടെ നിർമ്മാണത്തിന് ജലജീവൻ പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. പറക്കുന്നിലെ ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്തുള്ള പാറകൾ നീക്കം ചെയ്യുന്ന മുറയ്ക്ക് ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ